കേരളത്തിലേക്കാവശ്യമായ മണ്ണെണ്ണ എത്രത്തോളം വരുമെന്നാണ് സർക്കാർ കണക്കാക്കിയിട്ടുള്ളത്; ഏതെല്ലാം ആവശ്യങ്ങൾക്കാണ് മണ്ണെണ്ണ ലഭിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

സംസ്ഥാനത്തെ ഇപ്പോഴുള്ള ആവശ്യത്തിന് പ്രതിമാസം 38280 കിലോ ലിറ്റർ മണ്ണെണ്ണ ആവശ്യമാണെന്ന് കണക്കാക്കിയിട്ടുണ്ട്. വിളക്കു കത്തിക്കുന്നതിനും പാചകാവശ്യത്തിനും മാത്രമാണ് കേന്ദ്രസർക്കാർ സംസ്ഥാനത്തിന് മണ്ണെണ്ണ അനുവദിച്ചു നൽകുന്നത്. എന്നാൽ സംസ്ഥാന ഗവൺമെന്റ് ഇതിൽ നിന്നും മത്സ്യബന്ധനത്തിനും കാർഷികാവശ്യങ്ങൾക്കുമായി ഓരോ വിഹിതം അനുവദിച്ചു നൽകുന്നുണ്ട്.

100 (2286) പുതിയ മണ്ണെണ്ണ പെർമിറ്റ്

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ വിനോദ-സഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര താലൂക്ക് സപ്ലൈ ഓഫീസിന്റെ പരിധിയിൽ വരുന്ന പുതിയ മണ്ണെണ്ണ പെർമിറ്റിന് കഴിഞ്ഞ സാമ്പത്തിക വർഷം ലഭിച്ച അപേക്ഷകളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ ഓരോ പഞ്ചായത്തിലും എത്ര അപേക്ഷകൾക്ക് പെർമിറ്റ് നൽകിയിട്ടുണ്ട്;

(സി) ബാക്കിയുള്ള അപേക്ഷകർക്ക് എന്നത്തേയ്ക്ക് പെർമിറ്റ് നൽകാനാകും എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ കലണ്ടർ വർഷത്തിൽത്തന്നെ പരമാവധി അപേക്ഷകർക്ക് മണ്ണെണ്ണ പെർമിറ്റ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) കൊട്ടാരക്കര താലൂക്ക് സപ്ലൈ ആഫീസിന്റെ പരിധിയിൽ വരുന്ന പഞ്ചായത്തുകളിൽ പുതിയ മണ്ണെണ്ണ പെർമിറ്റിന് കഴിഞ്ഞ സാമ്പത്തിക വർഷം ലഭിച്ച അപേക്ഷകളുടെ എണ്ണവും അനുവദിച്ച പെർമിറ്റുകളുടെ എണ്ണവും അനുബന്ധമായി ചേർത്തിരിക്കുന്നു†

(സി)&(ഡി) അർഹതപ്പെട്ട മുഴുവൻ അപേക്ഷകർക്കും ഘട്ടംഘട്ടമായി പെർമിറ്റുകൾ നൽകുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്.

101 (2287) കായംകുളം മണ്ഡലത്തിൽ പച്ചരി ക്ഷാമം

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ പച്ചരി ക്ഷാമം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

† അനുബന്ധം ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly